അതു കൊണ്ട് തന്നെ നിലവിൽ സർക്കാർ നിയമിതരായ ഒരു അധ്യാപികയ്ക്കും ഒരു ആയയ്ക്കും കുട്ടികളെ പഠിപ്പിക്കുവാൻ കഴിയാത്തതിനാൽ പി റ്റി എ നാല് അധ്യാപകരേയും രണ്ട് ആയമാരേയും നിയമിച്ചിട്ടുണ്ട്. ഇത് പ്രീപ്രൈമറി പഠനം കാര്യക്ഷമമമാക്കുവാൻ സഹായിച്ചു. ഇതു കൂടാതെ ക്ലാസ്സുമുറികളുടെയും ടോയ്‌ലെറ്റുകൾ വൃത്തിയാക്കുന്നതിലാക്കുന്നതിനുമായി ഒരാളെ കൂടി നിയമിച്ച് വിദ്യാലയവും പരിസരവും വൃത്തിയാക്കുന്നു.

# സ്കൂൾ ആഘോഷങ്ങൾ / ദിനാചരണങ്ങൾ / മേളകൾ / പ്രദർശനങ്ങൾ

## സ്കൂൾ പ്രവേശനോൽസവം

സ്ക്കൂൾ പ്രവേശനോൽസവുമായി ബന്ധപ്പെട്ട് PTA Executive meeting സ്കൂളിൽ വച്ച് നടന്നു. ഓൺലൈൻ ക്ലാസുകൾ സജീവവും ഫലവത്താകുന്നതിനുമായി എന്തൊക്കെ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന വിഷയത്തിൽ ചർച്ചകൾ നടന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ വിടവ് പരിഹരിക്കൽ, വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ സജീവമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ പരമാവധി സഹകരണം ഉറപ്പുവരുത്തുകയും ഇതിലേക്കായി വിവിധ സംഘടനകൾ ഏജൻസികൾ തുടങ്ങിയവരെ ചെന്ന് കണ്ട് സഹായം അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### ഡിജിറ്റൽ വിടവ് പരിഹരിക്കൽ

2020-21 വർഷത്തിൽ കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകളെല്ലാം അടച്ചിട്ടിരുന്നതിനാൽ 2020-21 , 2021 - 22 അക്കാദമിക വർഷത്തിൽ online പഠന സങ്കേതങ്ങൾ ഉപയോഗിച്ച് കുട്ടികളെ പഠന പ്രക്രിയയിൽ സജീവമായി

നിലനിർത്തുക എന്നതായിരുന്നു ഞങ്ങൾ കൂടുതലും ലക്ഷ്യമിട്ടത്. അതിന് ഞങ്ങളുടെ മുന്നിലെ ഏറ്റവും വലിയ കടമ്പ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ഒരുക്കി കൊടുക്കുക എന്നതായിരുന്നു. PTA എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ഈ പ്രശ്നം അവതരിപ്പിക്കുകയും അംഗങ്ങൾ എല്ലാവരും എല്ലാ കുട്ടികൾക്കും സ്മാർട്ട് ഫോൺ ഒരുക്കി കൊടുക്കുക എന്ന ഉദ്യമം ഏറ്റെടുക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ഫൊൺ സൗകര്യമില്ലാത്ത കുട്ടികൾക്ക് PTA യുടെ നേതൃത്വത്തിൽ ഫോൺ വിതരണം ചെയ്തു.









60 സ്മാർട് ഫോൺ സമ്മാനിച്ച് ഗവ.മോയൻസ് എൽപി സ്കൂൾ









## വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ സജീവമാക്കൽ

എല്ലാ കുട്ടികളെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ സജീവമാക്കുക, ആവശ്യമായ പിന്തുണ രക്ഷിതാക്കൾക്ക് നൽകി എല്ലാ കുട്ടികളെയും Online പഠനത്തിലേക്ക് സജീവമായി നിലനിർത്താനും രക്ഷിതാക്കൾ മുന്നോട്ട് വന്നു. അയൽ വീടുകൾ സന്ദർശിച്ചും , ഫോണിലൂടെ വിളിച്ചുമെല്ലാം കുട്ടികളെയും രക്ഷിതാക്കളെയും പഠന പ്രകിയയിൽ പങ്കുകാരാക്കി.





## ഓൺലൈൻ പ്രവേശനോൽസവം

കുട്ടികളുടെ എണ്ണം വളരെയധികം വർദ്ധിച്ചതു കൊണ്ടു തന്നെ ( ഓരോ ക്ലാസിലും 200 ൽ കൂടുതൽ ) വാട്ട്സ് ആപ്പിലൂടെ ക്ലാസ് തല പ്രവേശനോൽസവങ്ങളാണ് പ്രധാനമായും ആസൂത്രണം ചെയ്തത്. വിക്ടേഴ്സ് ചാനലിൽ കൂടി സംപ്രേഷണം ചെയ്ത പ്രവേശനോൽസവത്തിന്റെ ലിങ്ക് കുട്ടികൾക്ക് അയച്ച് അതിൽ പങ്കുചേരാനുള്ള സാഹചര്യം ഉണ്ടാക്കി. ബഹു എം.പി ശ്രീ ശ്രീകണ്ഠൻ, ബഹു. MLA ശ്രീ ഷാഫി പറമ്പിൽ , നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സാബു , ചെയർപേഴ്സൺ ശ്രീമതി. പ്രീയ അജയൻ , വാർഡ് കൗൺസിലർ സെയ്ദ് ബീരാൻ ബാബു പ്രധാനാധ്യപിക ശ്രീമതി മണിയമ്മ ടീച്ചർ എന്നിവരുടെ വീഡിയോ സന്ദേശം വാട്ട്സ് ആപ്പിലൂടെ കുട്ടികൾക്ക് നൽകി. കുട്ടികളുടെ കലാപരിപാടികൾ അവസരിപ്പിച്ചു.















SAMAGRA SIKSHA KERALA
SIVAPRASAD M R





അതിജീവന കാലത്തെ
പ്രവേശനോൽസവം
ഓൺലൈനിലൂ
ജൂൺ 1
2021 - 22
രാവിലെ 10 മണി മുതൽ
അറിവിന്റെ അക്ഷര മുറ്റത്ത് കൂട്ടുകാർക്ക് സ്വാഗതം
ജനപ്രതിനിധികളുടെ സന്ദേശങ്ങൾ
രക്ഷിതാക്കളും കുട്ടികളുമായി മുഖാമു
കുട്ടികളുടെ കലാപരിപാടികൾ
നവാഗതർക്ക് സ്വാഗതം
ഗവ: മോയൻ എൽ പി എസ് , പാലക്കാട്

Shamsuddeen
Sherif
sindhu
Mohammedismail
Saifudheen
Asma
You
Gmps
12 others

## ഓൺലൈനിൽ പ്രവർത്തന മാതൃകകൾ നൽകൽ

വേണ്ടത്ര മുൻ ധാരണകളുടെ അഭാവത്തിൽ കുട്ടികൾക്ക് കൃത്യമായ ചെയ്യാൻ സാധിക്കാതിരുന്ന പല പ്രവർത്തനങ്ങളും അധ്യാപകരുമായി കൃത്യമായി സമ്പർക്കത്തിലേർപ്പെട്ടുകൊണ്ട് നല്ല മാതൃകാ വീഡിയോകളും ഫോട്ടോകളും ക്ലാസ് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യുക എന്ന ഉദ്യമവും രക്ഷിതാക്കൾ ഏറ്റെടുത്തു.

ഉദാഹരണമായി പറഞ്ഞാൽ കുട്ടിയെ അറിയാം എന്ന പ്രവർത്തനം അധ്യാപിക നൽകിയ വേളയിൽ സ്വന്തം കുട്ടികളെ തന്നെ കൊടുക്കുന്ന പ്രവർത്തനത്തിനും നിർദ്ദേശത്തിനും ചേർന്ന് നിൽക്കത്തക്ക വിധത്തിൽ വീഡിയോ ചിത്രീകരിക്കുകയും അത് ഗ്രൂപ്പിലിട്ടു കൊണ്ട് മറ്റു കുട്ടികൾക്ക് നല്ല മാതൃകകൾ നൽകുന്നതു വഴി പ്രസ്തുത പ്രവർത്തനത്തിൽ വളരെ എളുപ്പത്തിൽ കടന്നുവരുവാൻ കുട്ടികൾക്ക് സാധിച്ചു.






# സബ്ജില്ലയിൽ ആദ്യമായി ഓൺലൈൻ CPTA മീറ്റിംഗ്

പാലക്കാട് സബ്ജില്ലയിൽ ആദ്യമായി ഓൺലൈനായി ക്ലാസ് പി റ്റി എ നടത്തി മറ്റു സ്കൂളുകൾക്ക് മാതൃകയാവാൻ ഗവ മോയൻ എൽപി സ്കൂളിനായത് 4E യിലെ രക്ഷകർത്താവായ പ്രമോദ് സാറിന്റെ ഇടപ്പെടൽ വഴിയാണ്. നിർദ്ദേശങ്ങളും സഹായവും വഴി ഞങ്ങളോടൊത്ത് സഹകരിച്ചതിന്റെ ഫലമായി നാലാം ക്ലാസിൽ വിജയപ്രദമായി ഗൂഗിൾ മീറ്റിലൂടെ CPTA നടത്തി. 80% കുട്ടികളുടെ രക്ഷിതാക്കളും ഇതിൽ പങ്കാളികളായി. തുടർന്ന് മറ്റു ക്ലാസുകളിലേക്കും ഇത് നടപ്പിലാക്കി.




# ക്ലാസ് റൂം പരീക്ഷണങ്ങൾ

മഹാമാരിയുടെ കാലത്ത് ഓൺ ലൈനായി അധ്യയനം നടത്തുക എന്നത് അധ്യാപകരെ സംബന്ധിച്ച് തീർത്തും പരീക്ഷണ കാലമായിരുന്നു. മുന്നിൽ മാതൃകകളില്ലാതെ പുതിയൊരു വഴി മുന്നിൽ തീർക്കുക എന്നത് കഠിന പരിശ്രമങ്ങൾ ആവശ്യമായ ഒരു ഘട്ടമായിരുന്നു എന്ന് പറയാതെ വയ്യ. അവിടേയും കൂട്ടായിരുന്നത് രക്ഷിതാക്കൾ തന്നെ ആവശ്യപ്പെടുന്നതെന്തും നിർദേശങ്ങൾക്കനുസരിച്ച് ചെയ്യുവാനും അഭിപ്രായങ്ങളും ഫീഡ്ബാക്കുകളും നൽകികൊണ്ട് ഞങ്ങളെ മുന്നോട്ട് നയിക്കുവാനും രക്ഷിതാക്കൾ ഞങ്ങളോടൊപ്പമുണ്ടായിരുന്നു.



ഇപ്രകാരം വിവിധ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കടന്നു പോയ ഞങ്ങൾക്ക് കുട്ടികളുടെ പങ്കാളിത്തം ഉയർത്തി കൊണ്ടു വരുവാൻ സാധിച്ചു.




| ഘട്ടങ്ങൾ | കുട്ടികളുടെ പങ്കാളിത്തം |
| --- | --- |
| 1 | 35% |
| 2 | 42% |
| 3 | 55% |
| 4 | 95% |





# പരിസ്ഥിതി ദിനവും രക്ഷിതാക്കളും

ജൂൺ 5 പരിസ്ഥിതിസ്ഥി ദിനം ആഘോഷപൂർവം ഓൺലൈനായി ആചരിച്ചു. മിക്കവാറും എല്ലാ കുട്ടികളും  വീട്ടിലൊരു ചെടി നടൽ, പരിസ്ഥിതിദിന ക്വിസ്, പ്രസംഗം, പ്രകൃതി നടത്തം, എന്റെ തോട്ടം സർവേ തുടങ്ങി വിവിധ പരിപാടികളിൽ പങ്കെടുത്തിരുന്നു.





1 














# വായനാ വാരാചരണവും ബഷീർ ദിനവും

വായനാ വാരാചരണവും ഓൺലൈനായി നടത്തി. വായനാ വാരാചരണം ഉദ്ഘാടനം ചെയ്യാനെത്തിയത് ബഹു. നാടൻ പാട്ട് കലാകാരൻ ശ്രീ ജനാർദ്ദനൻ പുതുശേരി അവർകളാണ്. നാലാം ക്ലാസിലെ കുട്ടികളെ ഗൂഗിൾ മീറ്റിലൂടെ ഒന്നിപ്പിച്ചിട്ടാണ് പരിപാടി നടത്തിയത്






## ബഷീർ ദിനം

ബഷീർ ദിനത്തിൽ ബഷീർ കൃതിയിൽ ഏറെ തൽപ്പരയായ എല്ലാ ബഷീർ കൃതികളും വായിച്ചിട്ടുള്ള അഭിനയ പി കെ എന്ന പ്ലസ്ടു വിദ്യാർത്ഥിനിയെ കൊണ്ടുവന്ന് ക്ലാസ്സെടുപ്പിച്ചു.

നാലാം ക്ലാസിലെ വിദ്യാർത്ഥിയായ തേജസ് പി ആർ ന്റെ സഹോദരി കൂടിയാണ് അഭിനയ 'ഒന്നര മണിക്കൂർ നീണ്ട ക്ലാസിനൊപ്പം കുട്ടികളും ആസ്വാദന തലത്തിൽ ഉയർന്നു വന്നു എന്നത് അഭിമാനാർഹമായ നേട്ടമായിരുന്നു.  ബഷീർ കഥാപാത്രങ്ങളെ പരിചയപ്പെടുവാൻ ക്ലാസ് ഉപകരിച്ചു.

ഇതിന് പുറമേ വീട്ടിലൊരു ലൈബ്രറി, വായനാമത്സരം , കൂട്ടുകാർക്ക് എന്റെ വക ഒരു പുസ്തകം,  പുസ്തക പരിചയം, വായനാ കുറിപ്പെഴുതൽ , കൃതിയും കഥാപാത്രങ്ങളെയും പരിചയപ്പെടൽ, ബഷീർ കഥാപാത്രങ്ങളെ അവതരിപ്പിക്കൽ തുടങ്ങിയവ നടത്തി. എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നതിൽ രക്ഷിതാക്കൾ മത്സരിക്കുന്ന കാഴ്ചയാണ് കണ്ടത്.


ഗവ. മോയൻ എൽപി സ്കൂൾ,പാലക്കാട്.
ബഷീർ ദിനം 2021, ജൂലൈ 5






വായനാവാര പ്രവർത്തനങ്ങൾ
ഒന്നാം ദിവസം
Donate a book, Change a life
* കവിത പാരായണം
* കഥ പറയൽ
* ഞാൻ വായിച്ച പുസ്തകം - കുറിപ്പ്
* വായന- പോസ്റ്റർ
* വീട്ടിൽ ഒരു ലൈബ്രറി ഒരുക്കാം
* പി എൻ പണിക്കർ - അനുസ്മരണ പ്രസംഗം





## ഹിരോഷിമ നാഗസാക്കിയും രക്ഷിതാക്കളും

സാധാരണയായി സ്കൂൾ തലത്തിൽ നടത്തുന്ന ഹിരോഷിമ നാഗസാക്കി ദിനം, യുദ്ധവിരുദ്ധ പോസ്റ്ററുകൾ, ക്വിസ് മത്സരം, കുടുംബത്തോടെയുള്ള യുദ്ധവിരുദ്ധ പ്രതിജ്ഞ തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കൾ പങ്കെടുത്തു.









# വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ

**വായനാശീലം ദിനത്തോടനുബന്ധിച്ച് വിദ്യാരംഗം കലാ സാഹിത്യവേദിയുടെ പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഉദ്ഘാടനം ശ്രീമാൻ ജനാർദ്ദനൻ പുതുശ്ശേരി നിർവഹിക്കുകയുണ്ടായി.**

**വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിത്യങ്ങളെ ഓൺലൈനായി കൊണ്ട് വന്ന് ക്ലാസ്സെടുപ്പിച്ചു വരുന്നു. പലപ്പോഴും ഇത്തരം വ്യക്തിത്വങ്ങളെ  കൊണ്ടു വരുന്നത് രക്ഷിതാക്കൾ തന്നെയാണ് . സ്കൂൾ ദിനാചരണങ്ങളിലെല്ലാം വിദ്യാരംഗം കലാസാഹിത്യ വേദിയിലെ അംഗങ്ങൾ സജീവമാണ്.**







ഇത്തരം ക്ലാസുകൾക്ക് പുറമേ കുട്ടികളെ അവരുടെ വ്യത്യസ്തമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി വാട്ട്സ് ആപ്പ് ഗ്രൂപ്പിലുൾപ്പെടുത്തി ഓരോ ദിവസവും ഓരോ പ്രവർത്തനം നൽകി പ്രോൽസാഹിപ്പിച്ചുവരുന്നു.

തിങ്കൾ : കവിത അവതരണം
ചൊവ്വ : കഥ അവതരണം
ബുധൻ : പ്രസംഗം
വ്യാഴം : അഭിനയം.( നാടകം, മോണോആക്ട്, )
വെള്ളി : രചനകൾ
ശനി: ചിത്രം
6:29 am





പ്രസിദ്ധ സാഹിത്യകാരൻ ജിനൻസാർ , ജ്യോതി ഭായി പര്യായത്ത് നാടൻപാട്ട് കലാകാരൻ ശ്രീ രാമശ്ശേരി രാമൻകുട്ടി എന്നിവരും കുട്ടികളുമായി സംവാദിച്ചു.







## ഓണാഘോഷം

**ഓൺലൈൻ ഓണാഘോഷം യഥാർത്ഥത്തിൽ ഓൺലൈൻ സാധ്യതകളും പോസിറ്റീവ് ചിന്തകളും എപ്രകാരം ഉപയോഗപ്പെടുത്താം എന്ന കാര്യത്തിൽ ഉത്തമ ഉദാഹരണമായി ഭവിച്ചു. കോവിഡു മൂലം വീട്ടിനകത്തായ കുഞ്ഞുങ്ങൾക്കും രക്ഷിതാക്കൾക്കും ഓണാഘോഷങ്ങൾക്ക് അവസരം ഒരുക്കി കൊടുക്കാനുള്ള പ്രവർത്തനങ്ങളാണ് നൽകിയത്. ഓരോ ദിവസവും ഓരോ പ്രവർത്തനങ്ങൾ നൽകി. പൂക്കളമിടൽ, കുടുംബത്തോടൊപ്പം ഓണമാഘോഷിക്കുന്ന ചിത്രങ്ങൾ, ഫോട്ടോഷൂട്ട് , പാചക മത്സരം , ഓണവിഭവങ്ങൾ ഒരുക്കൽ, പതിപ്പുണ്ടാക്കൽ, തുടങ്ങി ഫാമിലി ക്വിസ് വരെ നടത്തി. രക്ഷിതാക്കളും കുട്ടികളും സന്തോഷത്തോടെ ഓരോ പ്രവർത്തനങ്ങളും ചെയ്തു. വിജ്ഞാനത്തിനും വിനോദത്തിനും**

അവസരമൊരുക്കിയ വേളകളായി ഇത്തരം അവസരങ്ങൾ മാറി എന്നുള്ള കാര്യത്തിൽ സംശയമില്ല.









## ചാന്ദ്രദിനാഘോഷങ്ങൾ

ഓൺലൈൻ ആഘോഷങ്ങൾ പലപ്പോഴും രക്ഷിതാക്കളുടെ ആഘോഷങ്ങളാക്കുന്ന അനുഭവമാണ് ഓരോ ദിനാചരണങ്ങളും പകർന്ന് തന്നത്. അത്തരത്തിലൊന്നായിരുന്നു ചാന്ദ്രദിനം. നീൽ ആംസ്ട്രോങ്ങും, മറ്റും പ്രച്ഛന്നവേഷങ്ങളിലൂടെ പുനരാവിഷ്കരിച്ചു. ചാന്ദ്ര ദിനപതിപ്പുകളും ഡോക്യുമെന്ററികളും , പ്രസംഗങ്ങളും ,

**പാട്ടുകളും , റോക്കറ്റുണ്ടാക്കലുമായി കുട്ടികൾ ചാന്ദ്രദിനത്തെ അവിസ്മരണീയമായ ഒരു സംഭവമാക്കിയപ്പോൾ അതിനൊപ്പം കൈത്താങ്ങായി രക്ഷിതാക്കൾ കൂടെ നിന്നു. രാവിലെ മുതൽ രാത്രി വരെ നീണ്ട പ്രവർത്തനങ്ങൾ ഒന്നിനൊന്ന് മികച്ചതായിരുന്നു.**





ഇന്ന് ജൂലൈ 21, ചാന്ദ്രദിനം. ചന്ദ്രനിൽ മനുഷ്യന്റെ കാൽവെയ്പ്പിന് 51 വർഷം പൂർത്തിയാകുന്നു.

ഓൺലൈനിലൂടെ സൗരയൂഥത്തിലെ ചന്ദ്രൻ ഉൾപ്പെടെയുള്ള ആകാശഗോളങ്ങളെ നമ്മുടെ കുട്ടികൾ അവതരിപ്പിക്കുന്നത് നോക്കൂ.....






# ലഹരി വിരുദ്ധദിനം

**സമൂഹത്തിന് കുട്ടികളെ കൊണ്ടു തന്നെ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാം എന്നതിന് വലിയ ഉദാഹരണമായി മാറിയ പ്രവർത്തനങ്ങളായിരുന്നു. ലഹരിവിരുദ്ധ ദിനത്തിൽ നടന്നത്. പോസ്റ്റർ നിർമ്മാണം, ലഹരിവിരുദ്ധ ക്വിസ്, അധ്യാപകർ നേതൃത്വം നൽകിയ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ എന്നിവക്ക് പുറമെ കുട്ടികളോടൊപ്പം രക്ഷിതാക്കൾ ലഹരിവിരുദ്ധ പ്രതിജ്ഞയിൽ പങ്കെടുത്തു**







ലഹരി വിരുദ്ധ ദിനത്തിൽ രക്ഷിതാക്കളും കുട്ടികളോടൊപ്പം കുട്ടികൾ പറഞ്ഞു കൊടുത്ത ലഹരിവിരുദ്ധ പ്രതിജ്ഞയിൽ പങ്കുചേർന്നത് വേറിട്ട അനുഭവമായിരുന്നു.

# നാട്ടറിവ് ദിനം - ആഗസ്റ്റ് 22

നാട്ടറിവ് ദിനത്തിൽ നാടൻപാട്ട് കലാകാരനായ രാമശ്ശേരി രാമൻകുട്ടിയുടെ നാടൻ പാട്ട് online ആയി സംഘടിപ്പിച്ചു. 2 മണിക്കൂറോളം നീണ്ടു നിന്ന google meet ലൂടെ രാമൻ കുട്ടി സാർ വിവിധ തരത്തിലുള്ള വിവിധ അവസരങ്ങളിൽ പാടുന്ന നാടൻപാട്ടുകളെ പരിജയപ്പെടുത്തി. മാത്രമല്ല വിവിധ നാടൻ സംഗീത ഉപകരണങ്ങളുടെ പരിചയപ്പെടുത്തലും ഇതോടൊപ്പമുണ്ടായിരുന്നു.



നാട്ടറിവ് ദിനാചരണം നടത്തി



# ബോധവത്കരണ ക്ലാസുകൾ

## ദേശീയ പോഷൻ ശിക്ഷ അഭിയാൻ പരിപാടി ,

**PTA യുടെ സഹായത്തോടെ വിജയ പ്രദമായി  നടത്തിയ മറ്റൊരു പരിപാടിയായിരുന്നു ദേശീയ പോഷൻ ശിക്ഷ അഭിയാൻ പരിപാടി. PTA യിലെ അംഗവും ഒന്നാം ക്ലാസിലെയും നാലാക്ലാസിലേയും കുട്ടികളുടെ അമ്മയുമായ ICDS സൂപ്പർവൈസർ ശ്രീമതി സുജ കെ കെ പോഷകാഹാരവും കുട്ടികളുടെ ആരോഗ്യവും എന്ന വിഷയത്തിൽ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് എടുത്തു. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് ഒന്നാം ക്ലാസുകാർ രക്ഷിതാക്കളുടെ സഹായത്തോടെ അന്നം പോഷണം എന്ന ഹ്രസ്വ ചിത്രം നിർമ്മിച്ചു..**









ഒന്നാം ക്ലാസുകാരി നക്ഷത്രയുടെ ആഹാരം തന്നെ ഔഷധം എന്ന വിഷയവുമായി ബന്ധപ്പെട്ട വീഡിയോ അവതരണം വളരെ നല്ല നിലവാരം പുലർത്തി

കുട്ടികളുടെ ആരോഗ്യരക്ഷയെ കുറിച്ച് Dr ഹണിമാ, ജില്ല ആയുർവേദിക് ഹോസ്പിറ്റൽ ക്ലാസെടുക്കുന്നു.










എങ്ങനെയാണ് ഭക്ഷണം കഴിക്കേണ്ടത്? എപ്പോഴെക്കെ കഴിക്കണം ? എങ്ങനെ മനസ്സും ശരീരവും ആരോഗ്യമായി സൂക്ഷിക്കണം ? തുടങ്ങി മെഡിസിനൽ പ്ലാന്റിന്റെ ഉപയോഗത്തെക്കുറിച്ചും കുട്ടികൾക്ക് മനസ്സിലാക്കുന്ന വിധത്തിൽ ഡോ. വിശദീകരിച്ചു കൊടുത്തു.

## പ്രഥമ ശുശ്രൂഷ

വിദ്യാലയത്തിൽ ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ട്. കുട്ടികൾക്ക് എന്തെങ്കിലും അപകടം പറ്റിയാൽ പരിശീലനം ലഭിച്ച അധ്യാപകർ പ്രഥമ ശുശ്രൂഷ നൽകുന്നു. അതിനു ശേഷം തൊട്ടടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ ജില്ലാശുപത്രിയിലോ കൊണ്ടുപോവുകയും രക്ഷിതാവിനെ അറിയിക്കുകയും മരുന്നും സാമ്പത്തിക സഹായവും നൽകുകയും ചെയ്യുന്നു.

സുരക്ഷയുമായി ബന്ധപ്പെട്ട് അപകടങ്ങളുണ്ടാകുമ്പോൾ സ്വയം രക്ഷപ്പെടുന്നതും , മറ്റുള്ളവരെ രക്ഷിക്കുന്നതും എങ്ങനെ എന്ന വിഷയത്തിൽ പ്രഥമ ശുശ്രൂഷയെ സംബന്ധിച്ച ഒരു ക്ലാസ് zoom kid Kintergarden, പുത്തൂരിലെ അധ്യാപികയായ സുമ കുട്ടികൾക്കായി നടത്തുകയുണ്ടായി. സുമ ടീച്ചർ മോയൻ എൽ പി യിലെ തന്നെ ഒന്നാം ക്ലാസ് അധ്യാപിക ലിയ യുടെ അമ്മയാണ്. ഇത്തരത്തിൽ നമ്മുടെ രക്ഷിതാക്കൾ തന്നെ കുട്ടികൾക്ക് ക്ലാസെടുക്കുന്നത് മോയൻ എൽ പി യുടെ അഭിമാനമാണ്






# സയൻസ് കോർണർ

**സയൻസ് ക്ലബ്ബുമായി ബന്ധപ്പെട്ട് പറന്ന പരീക്ഷണങ്ങൾ വളരെ അർത്ഥവത്തായി നടത്താനായത് രക്ഷിതാക്കളുടെ സഹകരണത്തിന് മറ്റൊരു ഉദാഹരണമായിരുന്നു. ചെയ്ത് നോക്കാം കണ്ടെത്താം പ്രവർത്തനങ്ങൾ കുട്ടികൾ മനോഹരമായി അവതരിപ്പിച്ചു. അനുഭവത്തിലൂടെ അറിവിന്റെ മേഖലയുടെ ആഴത്തിലേക്ക് കടന്നുപോകാൻ ഏറെ പ്രയോജനപ്പെ ഒരനുഭവമായിരുന്നു സയൻസ് കോർണറുടേത്.**
















# Sunday funday - വിനോദത്തിനൊപ്പം വിജ്ഞാനവും

**മൂന്നാം ക്ലാസുകാരുടെ മറ്റൊരു പ്രവർത്തനമായിരുന്നു Sunday funday . ഞായറാഴ്ചകളിൽ കുട്ടികൾ വ്യത്യസ്തമായ ഇഷ്ടമുള്ള പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്ക് അറിവ് പകർന്നു നൽകുന്നതിനോടൊപ്പം പഠനത്തിൽ താല്പര്യവും വർദ്ധിപ്പിച്ചു.**











